# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3866 | 21/06/2019 ൽ മറുപടിക്ക്

## പരമ്പരാഗത വ്യവസായ മേഖല നേരിടുന്നപ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.അനിൽ അക്കര<br>ശ്രീ.എ.പി. അനിൽ കുമാർ | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) പരമ്പരാഗത വ്യവസായ മേഖലയുടെ നിലവിലെ സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിന് ക്രിയാത്മകമായ എന്ത് നടപടിയാണ് ഇതിനകം സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്; കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ വിവിധ ക്രാഫ്റ്റുകളിലായി ഇതുവരെ 1350 കരകൗശല തൊഴിലാളികൾക്ക് സൗജന്യമായി ടൂൾകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും, പുതിയ ഡിസൈനുകൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നതിനുമായി 9 ഡിസൈൻ & ടെക്നോളജി വർക്ക്ഷോപ്പുകൾ പൂർത്തിയാക്കി. 3500 ഓളം ആർട്ടിസാൻമാർക്ക് ഇതിലൂടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഇരുമ്പു പണിയിലും മരപ്പണിയിലും ഏർപ്പെട്ടിരിക്കുന്ന ആർട്ടിസാന്മാർക്ക് നൂതന സാങ്കേതിക വിദ്യയും ആധുനിക മെഷിനറികളും ഉപയോഗപ്പെടുത്തി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി പൊതുസേവന കേന്ദ്രങ്ങൾ കാഡ്കോ സ്ഥാപിച്ചു വരുന്നു. കൂടാതെ കൈത്തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവർക്കായി NBCFDC മുഖേന കാഡ്കോ കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നുണ്ട്. 5 ലക്ഷം രൂപ വരെയുള്ള വായ്പകൾ 5 മുതൽ 6 ശതമാനം വരെ കുറഞ്ഞ പലിശ നിരക്കിൽ അനുവദിക്കുന്നു.<br>ഈ സർക്കാർ അധികാരത്തിലെത്തിയ കാലത്ത് തകർച്ച നേരിട്ടിരുന്ന കെൽപാം എന്ന സ്ഥാപനത്തെ തകർച്ചയിൽ നിന്നും പുനർജ്ജീവിപ്പിക്കുന്നതിനായി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, പെറ്റ് ബോട്ടിൽ പ്ലാന്റ്, കല്ലേപ്പുള്ളി മോഡേൺ റൈസ് |

മിൽ എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ബാംബൂ കോർപ്പറേഷൻ അംഗീകൃത ഈറ്റ - പനമ്പ് തൊഴിലാളികൾക്ക് 'മിനിമം വേജസ്' പദ്ധതി നടപ്പിലാക്കി. പനമ്പിന്റെ സംഭരണ വില പുതുക്കി നിശ്ചയിച്ചു. പനമ്പു നെയ്ത്തു തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ' വിജയമായതോടെ അവയുടെ എണ്ണം വർദ്ധിപ്പിച്ചു. ഇതിന്റെ ഭാഗമായി മുണ്ടങ്ങാമറ്റം, തോട്ടകം, മഴുവന്നൂർ എന്നിവിടങ്ങളിൽ സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ ആരംഭിച്ചു.

കേരളത്തിലെ പരമ്പരാഗത ഗ്രാമ വ്യവസായ മേഖലകളിലൊന്നായ മുള മേഖലയെ പുനരുജ്ജിവിപ്പിക്കുന്നതിനും, ഈ മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധരുടേയും, സംരംഭകരുടേയും ജീവിത നിലവാരം ഉയർത്തി അവരെ പുരോഗമനപാതയിലേക്ക് നയിക്കുന്നതിനും വേണ്ടി കേരള സംസ്ഥാന ബാംബൂ മിഷൻ പ്രവർത്തിച്ചുവരുന്നു. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഖാദി മേഖലയുടെ പുനരുദ്ധാരണത്തിനായി ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉല്പാദനകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിച്ചത്, ഉല്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയത്, ഇ.എസ്.ഐ, ക്ഷേമനിധി ആനുകൂല്യങ്ങൾ, അദ്ധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി 'ഖാദി ഗ്രാമം പദ്ധതി' എന്നിവയും നടപ്പിലാക്കി.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതിയാണ് 'സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി'. ഈ പദ്ധതി നടപ്പിലാക്കിയതിനു ശേഷം ഏകദേശം 5000 ത്തിലധികം നെയ്ത്ത് തൊഴിലാളികളും അത്രത്തോളം അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. കയർ മേഖലയുടെ ഉന്നമനത്തിനായി നടപ്പിലാക്കിവരുന്ന നൂതന പദ്ധതിയാണ് 'കയർ രണ്ടാം പുനഃസംഘടന'. രണ്ടാം പുനഃസംഘടനയുടെ ഭാഗമായി ചകിരി ഉൽപ്പാദനമേഖലയിലും കയർപിരി മേഖലയിലും യന്ത്രവത്ക്കരണം നടപ്പിലാക്കി വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കാപ്പെക്സ് കശുവണ്ടി ഫാക്ടറികൾ എല്ലാം തന്നെ അടഞ്ഞുകിടക്കുകയായിരുന്നു. സർക്കാരിന്റെ നിരന്തരമായ ഇടപെടൽ മൂലം കാപ്പെക്സ് ഫാക്ടറികൾ എല്ലാം 2016 ഓണത്തിന് മുൻപ് പ്രവർത്തനം ആരംഭിക്കുകയും ഇപ്പോഴും പ്രവർത്തിച്ച വരുകയുമാണ്. കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരളാ കാഷ്യൂ ബോർഡ് എന്ന സ്ഥാപനം സർക്കാർ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ച കഴിഞ്ഞു.

(ബി) പരമ്പരാഗത വ്യവസായ മേഖലയിൽ തകർച്ച തുടരുന്നത് കാരണം പ്രസ്തുത മേഖലയെ ആശ്രയിച്ച് കഴിയുന്ന ലക്ഷക്കണക്കിന് ആളുകളുടെ ജീവിതം കടുത്ത പ്രതിസന്ധിയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ല. പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിന് വിവിധ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

(സി) ഖാദി സഹകരണ സംഘങ്ങളെയും മറ്റ് ഖാദി സ്ഥാപനങ്ങളെയും പുനരുദ്ധരിക്കാൻ സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

(സി) ഉണ്ട്. 2019 -20 സാമ്പത്തിക വർഷത്തെ ബജറ്റിൽ 15 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ